ഭരണഭാഷ-മാതൃഭാഷ

ടെലി : 0471-2302655, 2303654

അമാൽഗമേറ്റഡ് ഫണ്ട്, സൈനിക ക്ഷേമ ഡയറക്ടറേറ്റ്, വികാസ്ഭവൻ, തിരുവനന്തപുരം-33

ഡി-3/11470/2019/ഡി.എസ്.ഡബ്ല്യു തീയതി : തിരുവനന്തപുരം, 30 ഡിസംബർ 2019

സർക്കുലർ

വിഷയം: അമാൽഗമേറ്റഡ് ഫണ്ട് ഓർഫൻ ഗ്രാന്റ്- ഭേദഗതി വരുത്തിയ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

പരാമർശം :
1. 22/02/2003 തീയതിയിലെ 60-ാം സ്റ്റേറ്റ് മാനേജിംഗ് കമ്മിറ്റി മീറ്റിംഗിലെ അഞ്ചാം നമ്പർ പ്രമേയം
2. 23/12/2015 തീയതിയിലെ എക്സിക്യൂട്ടീവ് സബ്-കമ്മിറ്റി മീറ്റിംഗിലെ തീരുമാനം.
3. 30.01.2016 തീയതിയിലെ ഡി-3/0541/2016/ഡി.എസ്.ഡബ്ല്യു നമ്പർ പരിപത്രം.
4. 30.04.2019 തീയതിയിലെ 77-ാം സ്റ്റേറ്റ് മാനേജിംഗ് കമ്മിറ്റി മീറ്റിംഗിലെ അഞ്ചാം നമ്പർ പ്രമേയം

പരാമർശം 1-ലെ പ്രമേയ പ്രകാരം അമാൽ ഗമേറ്റഡ് ഫണ്ടിൽ നിന്നും, വിമുക്തഭടന്മാരുടെ അനാഥ കുട്ടികൾക്ക് വിമുക്തഭടന്മാരായ മാതാപിതാക്കളുടെ (വിമുക്തഭടൻ & ഭാര്യ) മരണാനന്തരം സാമ്പത്തിക സഹായം/ഓർഫൻ ഗ്രാന്റ് അനുവദിക്കാനുള്ള സ്കീമിന് അംഗീകാരം നൽകി. പരാമർശം 4-പ്രകാരം സാമ്പത്തിക സഹായം/ഓർഫൻ ഗ്രാന്റ് അനുവദിക്കാനുള്ള കുടുംബ വാർഷിക വരുമാന പരിധി അഞ്ച് ലക്ഷമാക്കിയും, പെൺകുട്ടികൾക്ക് അപേക്ഷിക്കുവാനുള്ള പ്രായപരിധി മുപ്പത് വയസ്സായി ഉയർത്തിയും ഈ സ്കീമിന് ഭേദഗതി വരുത്തി.

2. ഓർഫൻ ഗ്രാന്റ് അപേക്ഷ പ്രോസസ്സ് ചെയ്യുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. അപേക്ഷ അയയ്ക്കുന്ന കത്തിന്റെ സൂചനയിൽ സർക്കുലർ നമ്പർ കാണിച്ചിരിക്കണം.

3. വേണ്ട യോഗ്യതകൾ

അ) വാർഷിക വരുമാനപരിധി ₹.5,00,000/- ( അഞ്ച് ലക്ഷം രൂപാ മാത്രം)

ആ) പ്രായപരിധി - ആൺകുട്ടികൾക്ക് ഇരുപത്തിയഞ്ചു വയസ്സും പെൺകുട്ടികൾക്ക് മുപ്പത് വയസ്സും.

ഇ) തൊഴിലുള്ള/വിവാഹിതരായ കുട്ടികൾ ഈ ഗ്രാന്റിന് അർഹരല്ല. വിധവ/വിവാഹമോചിതയായ പെൺകുട്ടികൾക്ക് മുപ്പത് വയസ്സ് വരെ/വിവാഹിതയാവുന്നതുവരെ/തൊഴിൽ ലഭിക്കുന്നതുവരെ ഓർഫൻ ഗ്രാന്റിന് അർഹതയുണ്ട്.

4. ഇനിഷ്യൽ ഗ്രാന്റിന് അപേക്ഷിക്കുന്ന മാസം മുതൽ അടുത്ത മാർച്ച് മാസം വരെ ആയിരിക്കും അനുവദിക്കുക. തന്നിരിക്കുന്ന സർട്ടിഫിക്കറ്റുകളെ മാത്രം അടിസ്ഥാനമാക്കി ഓർഫൻ ഗ്രാന്റ്-ഇനിഷ്യൽ ഗ്രാന്റ്/തുടർ ഗ്രാന്റിന് അർഹതയുണ്ടെന്ന് ശുപാർശ ചെയ്യരുത്. ഓർഫൻ ഗ്രാന്റ്-ഇനിഷ്യൽ ഗ്രാന്റ്/തുടർ ഗ്രാന്റ് പ്രോസസ്സ് ചെയ്യുമ്പോൾ, ശരിക്കുള്ള ഗുണഭോക്താക്കൾക്കാണതു ലഭിക്കുന്നതെന്നുറപ്പു വരുത്താൻ, അപേക്ഷ പരിശോധിച്ച്, അപേക്ഷകർക്ക് ശരിക്കും ഓർഫൻ ഗ്രാന്റിനർഹതയുണ്ടെന്ന എൻക്വയറി റിപ്പോർട്ട് (അന്വേഷണ റിപ്പോർട്ട്) കൂടി ജില്ലാ സൈനിക ക്ഷേമ ഓഫീസർ ഉള്ളടക്കം ചെയ്യണം.

5. സാമ്പത്തിക സഹായം ജില്ലാ സൈനിക ക്ഷേമ ഓഫീസ് മുഖേന ത്രൈമാസികമായി, വിതരണം ചെയ്യും. ഈ സർക്കുലർ പ്രകാരം ജില്ലാ സൈനിക ക്ഷേമ ഓഫീസർ അപേക്ഷ പ്രോസസ്സ് ചെയ്യുമ്പോൾ (അപേക്ഷ അനുബന്ധമായി തന്നിരിക്കുന്ന മാതൃകയിൽ രണ്ടു പകർപ്പ്-അതിൽ ഒരെണ്ണം ഡയറക്ടറേറ്റിൽ സൂക്ഷിക്കും) ശരിക്കും ഓർഫൻ ഗ്രാന്റിന് അർഹതയുള്ളവരുടെ അപേക്ഷ, താഴെ പറയുന്ന അനുബന്ധ രേഖകളും (ഓരോ കോപ്പി മാത്രം) ഗ്രാന്റ് നൽകാൻ വേണ്ടി ശുപാർശ ചെയ്തയ്ക്കണം.

(മറുപുറം)

എ) വിമുക്തഭടന്റെയും ഭാര്യ/വിധവ യുടേയും മരണ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

ബി) ബന്ധപ്പെട്ട വില്ലേജോഫീസറിൽ നിന്നും ലഭ്യമാക്കിയ വരുമാന സർട്ടിഫിക്കറ്റ്.

സി) ബന്ധപ്പെട്ട വില്ലേജോഫീസറിൽ നിന്നും ലഭ്യമാക്കിയ, തൊഴിലില്ല/അവിവാഹിതൻ/അവിവാഹിത ആണെന്ന സർട്ടിഫിക്കറ്റ്.

ഡി) മരണമടഞ്ഞ വിമുക്തഭടനുമായി ബന്ധം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.

ഇ) അപേക്ഷകയുടെ/അപേക്ഷകന്റെ ജനനത്തീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

എഫ്) സർവ്വീസ് സർട്ടിഫിക്കറ്റ്, ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റ് ഇവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. (വിമുക്തഭടന്റെയും ഭാര്യ/വിധവയുടേയും തിരിച്ചറിയൽ കാർഡുകൾ തിരിച്ചേൽപ്പിച്ചതുകൊണ്ട്)

ജി) ജില്ലാ സൈനിക ക്ഷേമ ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ്, മരണമടഞ്ഞ വിമുക്തഭടന്റെ (നമ്പർ, റാങ്ക്, പേര്) മകൻ/മകൾ ആണെന്നും വിമുക്തഭടന്റെയും ഭാര്യ/വിധവ യുടേയും തിരിച്ചറിയൽ കാർഡുകൾ തിരിച്ചേൽപ്പിച്ചിട്ടുണ്ട് എന്നും.

എച്ച്) അപേക്ഷകന്റെ/അപേക്ഷകയുടെ അപേക്ഷയിന്മേൽ അന്വേഷണം നടത്തിയെന്നും അപേക്ഷകന്/അപേക്ഷകയ്ക്ക് ശരിക്കും ഓർഫൻ ഗ്രാന്റിനർഹതയുണ്ടെന്നും ജില്ലാ സൈനിക ക്ഷേമ ഓഫീസർ, നൽകുന്ന എൻക്വയറി (അന്വേഷണ റിപ്പോർട്ട്) റിപ്പോർട്ട്.

6. ഓർഫൻ ഗ്രാന്റ് അനുവദിച്ചശേഷം അപേക്ഷകൾ തുടർ നടപടികൾക്കും, ശേഷം തുടരാനർഹതയുള്ള കാലത്തോളം ഗ്രാന്റ് തുടരുന്നതിനും, ശേഷം റിക്കാഡിൽ സൂക്ഷിക്കുന്നതിലേക്കുമായി ബന്ധപ്പെട്ട ജില്ലാ സൈനിക ക്ഷേമ ഓഫീസർക്കയച്ചു കൊടുക്കുന്നതായിരിക്കും. തുടർ ഗ്രാന്റ് പുതുക്കുന്ന സമയത്ത് അപേക്ഷകർ, ബന്ധപ്പെട്ട വില്ലേജോഫീസറിൽ നിന്നും ലഭ്യമാക്കിയ, തൊഴിലില്ല/അവിവാഹിതൻ/അവിവാഹിത, ആണെന്ന സർട്ടിഫിക്കറ്റ് (അടുത്ത കാലത്ത് ലഭ്യമായത്), ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ ഹാജരാക്കണം. സ്ക്കൂൾ തലത്തിൽ പഠിക്കുന്ന അപേക്ഷകരിൽ നിന്നും ഇത് വാങ്ങേണ്ടതില്ല. ഈ വിവരങ്ങൾ ഓർഫൻ ഗ്രാന്റ്-ഇനിഷ്യൽ ഗ്രാന്റ്/തുടർ ഗ്രാന്റ് അനുവദിക്കുന്ന സമയത്ത് നടപടി ഉത്തരവിൽ സൂചിപ്പിക്കേണ്ടതാണ്. തുടർ ഗ്രാന്റ് അനുവദിക്കുന്ന സമയത്ത് മേൽ രേഖകൾ ഡയറക്ടറേറ്റിലയക്കേണ്ടതില്ല. എന്നിരുന്നാലും അപേക്ഷയുടെ ഒരു പകർപ്പ്, ജില്ലാ സൈനിക ക്ഷേമ ഓഫീസർ ശുപാർശ ചെയ്ത്, ജില്ലാ സൈനിക ക്ഷേമ ഓഫീസർ നൽകുന്ന എൻക്വയറി റിപ്പോർട്ട് (അന്വേഷണ റിപ്പോർട്ട്) സഹിതം തുടർ നടപടികൾക്കായി ഡയറക്ടറേറ്റിലേയ്ക്ക് അയക്കണം.

7. 30/01/2016 തീയതിയിലെ ഡി-3/0541/2016/ഡിഎസ്ഡബ്ല്യു നമ്പരായ സർക്കുലർ, 30/12/2019 തീയതി മുതൽ റദ്ദാകുന്നതായിരിക്കും.

സൈനിക ക്ഷേമ ഡയറക്ടർ &
അമാൽഗമേറ്റഡ് ഫണ്ട്
സെക്രട്ടറി

വിതരണം 1. എല്ലാ ജില്ലാ സൈനിക ക്ഷേമ ഓഫീസർമാർക്കും
2. ഡി-1 3. സ്റ്റോക്ക് 4. ഓഫീസ് കോപ്പി . 5. വെബ് സെക്ഷൻ (വെബ് സെറ്റിൽ കൊടുക്കാൻ)